ഡിപ്പോസിറ്റ് ഇട്ടിട്ടുണ്ടല്ലോ. പിന്നെ എന്തുകൊണ്ടാണ് അവിടെ നിന്നും പണം എടുക്കാതിരുന്നത്?

HON'BLE MR. A. J. JOHN : ട്രാവൻകൂർ ബാങ്കിൽ ഫിക്സഡ് ഡിപ്പോസിറ്റാണുള്ളത്. അവിടെ നിന്നും പണം കടം എടുക്കാമെന്ന ഗവണ്മെൻറുദ്ദേശിച്ചിട്ടില്ല.

MR. A. P. UDAYABHANU : വ ലക്ഷം രൂപാ കടം എടുത്തിട്ട് എന്തു കൊല്ലമായി കാണും?

HON'BLE MR. A. J. JOHN : ഫ ഫ വ ല-ലോ, ഫ ഫ വ ന-ലോ ആണെന്നാണ് എൻറെ ഓർമ്മ. ഈ ചോദ്യം പ്രതീക്ഷിച്ചിട്ടില്ലായിരുന്നതുകൊണ്ട് അതിനു മറുപടി ഇപ്പോൾ വിശദമായി പറയാൻ നിവർത്തിയില്ല.

MR. K. K. CHELLAPPAN PILLAI : ട്രാവൻകൂർ ബാങ്കിൽ ഇട്ടിട്ടുള്ള ഫിക്സ്ഡ് ഡിപ്പോസിറ്റിനു എന്തു പലിശ കിട്ടുന്നുണ്ട്?

HON'BLE MR. A. J. JOHN : നല്ല നിശ്ചയമില്ല.

MR. P. T. CHACKO : ഈ കടം, കടം വീട്ടുന്നതിനുള്ളവ്യവസ്ഥയില്ലാതെ എടുത്തതു ഇപ്പോഴത്തെ മന്ത്രിസഭയാണോ, മുൻ മന്ത്രിസഭയാണോ?

HON'BLE MR. A. J. JOHN : കടം വീട്ടുന്നതിനു ക്ലിപ്തമായ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ കടം എടുത്തതു എന്നാണെന്നു ഞാൻ മുൻപേ പറഞ്ഞുകഴിഞ്ഞു. ഈ മന്ത്രിസഭയുടെ കാലത്തുതന്നെയാണ്.

സാമ്പത്തികസർവ്വെ.

*560. MR. KRISHNAN AYYAPPAN (*Shertallai III—General*) : താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ലാൻറ് വകുപ്പു മന്ത്രി സഭയം മറുപടി പറയുമോ?

തിരുവിതാംകൂറിൽ ഒരു സാമ്പത്തിക സർവെ നടത്തി ഒരു സാമ്പത്തിക പദ്ധതി ആസൂത്രണം ചെയ്യുന്നതിനു ഗവണ്മെൻറ് ശ്രമിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അതിൻറെ നില എങ്ങിനെയിരിക്കുന്നുവെന്നു പ്രസ്താവിക്കുന്നതിനു ദയവുണ്ടാകുമോ?

HON'BLE MR. T. K. NARAYANA PILLAI : സെൻസസുകമ്മീഷണർ കഴിഞ്ഞ സെൻസസു കാലത്തു, അതായതു ഫ ൻ ർ ഫ-ൽ ഒരു സർവ്വെ നടത്തിയിട്ടുണ്ട് എന്നാൽ അതു പരിപൂർണ്ണമായ ഒരു സാമ്പത്തിക സർവ്വെയാണെന്നു പറയാൻ നിവൃത്തിയില്ല. ഒരു സാമ്പത്തികസർവ്വെ നടത്തുന്നതിൻറെ ആവശ്യത്തെപ്പറ്റി ഗവണ്മെൻറ് ആലോചിച്ചു വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly